**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5102** **11-08-2021 - ൽ മറുപടിയ്ക്ക്**

**ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെട്ടതും തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ വരുന്നതുമായ വട്ടിയൂർക്കാവ്-കുടപ്പനക്കുന്ന് സോണൽ ഓഫീസുകളിൽ നിന്നുള്ള ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെട്ടതും തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ വരുന്നതുമായ വട്ടിയൂർക്കാവ്-കുടപ്പനക്കുന്ന് സോണൽ ഓഫീസുകളിലെ രജിസ്ട്രേഷൻ യൂണിറ്റുകളിൽ ജനന മരണ വിവാഹ രജിസ്ട്രേഷനുകളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. ടി ഡേറ്റകൾ വെബിലേയ്ക്ക് പോർട്ട് ചെയ്യുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കാൻ സാധിക്കും. |
| (ബി) | തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള സിവിൽ രജിസ്ട്രേഷൻ യൂണിറ്റുകൾ ഏതെല്ലാമാണെന്നും ഈ യൂണിറ്റുകൾ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ വന്നതെന്നും അറിയിക്കാമോ; | (ബി) | തിരുവനന്തപുരം നഗരസഭയുടെ കീഴിൽ വട്ടിയൂർക്കാവ്, വിഴിഞ്ഞം, കുടപ്പനക്കുന്ന്, ശ്രീകാര്യം, കഴക്കൂട്ടം എന്നീ കൂട്ടിച്ചേർത്ത 5 പഞ്ചായത്തുകളും തിരുവനന്തപുരം നഗരസഭയും ഉൾപ്പെടെ 6 സിവിൽ രജിസ്ട്രേഷൻ യൂണിറ്റുകളാണ് ഉള്ളത്. 01/11/2010 തീയതിയിലെ സ.ഉ.(സാധാ) നം.3408/2010/ തസ്വഭവ എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി സ്വതന്ത്ര രജിസ്ട്രേഷൻ യൂണിറ്റുകൾ നിലവിൽ വന്നത് . |
| (സി) | ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈൻ മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | രജിസ്റ്റർ ചെയ്ത് വെബിലേയ്ക്ക് പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ജനന-മരണ വിവാഹ സർട്ടിഫിക്കറ്റുകളും https://cr.lsgkerala.gov.in/ https:/erp.lsgkerala.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈൻ മുഖാന്തിരം ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ (IKM) ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ